# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.10.2024**

### പ്രധാനവാർത്തകൾ

1. **ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും.**

2. **രാജ്യത്ത് സമ്പുഷ്ടീകരിച്ച അരിയുടെ വിതരണം 2028 ഡിസംബർ വരെ തുടരാൻ കേന്ദ്ര മന്ത്രിസഭാ യോഗത്തിന്റെ അനുമതി.**

3. **തൃശ്ശൂർപൂരം അലങ്കോലപ്പെട്ട വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ഇന്ന് ചർച്ച ചെയ്യും.**

4. **കാറുകളിൽ കുട്ടികൾക്ക് പ്രത്യേക സീറ്റ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടില്ലെന്ന് ഗതാഗത മന്ത്രി കെ. ബി ഗണേഷ് കുമാർ.**

5. **ഐസിസി വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ഇന്ത്യ-ബംഗ്ലാദേശ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം അല്പസമയത്തിനകം.**

*******************************************

## പ്രധാനമന്ത്രി-ആസിയാൻ

21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും. ഇന്ത്യ ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും.

**************************************

## കേന്ദ്ര മന്ത്രിസഭ

പ്രധാൻ മന്ത്രി ഗരീബ് കല്യാൺ യോജനയ്ക്കും മറ്റ് ക്ഷേമ പദ്ധതികൾക്കും കീഴിൽ സമ്പുഷ്ടീകരിച്ച അരിയുടെ സൗജന്യ വിതരണം 2028 ഡിസംബർ വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. പോഷക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് തീരുമാനമെന്ന് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഗുജറാത്തിലെ ലോഥലിൽ National Maritime Heritage Complex ആരംഭിക്കുന്നതിനും അതിർത്തി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രാജസ്ഥാൻ, പഞ്ചാബ് സംസ്ഥാനങ്ങളിൽ റോഡ് നിർമിക്കുംന്നതിനും കേന്ദ്ര മന്ത്രിസഭാ അനുമതി നൽകി

**************************************

RNU TVPM

## അടിയന്തര പ്രമേയം

തൃശ്ശൂർപൂരം അലങ്കോലപ്പെട്ട വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്ത് തള്ളി. സംഭവത്തിൽ സംസ്ഥാന സർക്കാരിന് പങ്കുണ്ടെന്നും, അതിനാലാണ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നതെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രിയ്ക്ക് കീഴിൽ നടക്കുന്ന ഒരു അന്വഷണവും സ്വീകാര്യമല്ലെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷത്തു നിന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ ആണ് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയത്. പൂരം അലങ്കോലപ്പെട്ടതിനു പിന്നിലെ ഇടപെടലുകളിൽ സമഗ്രമായ ത്രിതല അന്വേഷണം നടക്കുകയാണെന്നും, കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുമെന്നും ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ദേവസ്വം മന്ത്രി വി.എൻ വാസവൻ പറഞ്ഞു. സംഭവത്തിൽ ബോധപൂർവ്വമായ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും,ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ പുറത്തുകൊണ്ട് വരണമെന്ന നിലപാടാണ് ഭരണപക്ഷത്തിനുള്ളതെന്നും ചർച്ചയിൽ ഇടപെട്ട് റവന്യൂമന്ത്രി കെ. രാജൻ പറഞ്ഞു. ആരോഗ്യ കാരണത്താൽ സഭയിൽ നിന്നും വിട്ടുനിൽക്കുന്നതിനാൽ, മുഖ്യമന്ത്രി പിണറായി വിജയന്റെ അസാന്നിധ്യത്തിലാണ് ചർച്ച നടന്നത്.

RNU TVPM

************************************

## എം ബി രാജേഷ് - ഇൻട്രോ

പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഒഴികെ, ബിൾഡ് അപ്പ് ഏര്യ കണക്കാക്കാൻ അധിക മേൽക്കൂരയുള്ള ടെറസിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താൻ പാടില്ലെന്ന് മന്ത്രി എം ബി

രാജേഷ്. യു എ ലത്തീഫ് എംഎൽഎയുടെ സബ്മിഷന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി.

(ഹോൾഡ് വോയ്സ്)

***********************************

## ശബരിമല- വാസവൻ

ശബരിമലയിൽ മണ്ഡല-മകരവിളക്ക് കാലത്ത് ദർശനത്തിന് സ്പോട്ട് ബുക്കിംഗ് ഒഴിവാക്കിയത് സുഗമമായ തീർത്ഥാടനം ഉറപ്പാക്കുന്നതിന് വേണ്ടിയെന്ന് മന്ത്രി വി.എൻ വാസവൻ നിയമസഭയിൽ പറഞ്ഞു. പ്രതിപക്ഷനേതാവ് വി.ഡി സതീശൻ അവതരിപ്പിച്ച സബ്മിഷന് മറുപടി പറയുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഓൺലൈൻ യോഗമാണ് ഇതു സംബന്ധിച്ച തീരുമാനം എടുത്തതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

***********************************

## ശബരിമല - കെ സുരേന്ദ്രൻ

മകരവിളക്ക് തീർത്ഥാടനത്തിന് വേണ്ട യാതൊരു മുന്നൊരുക്കങ്ങളും സംസ്ഥാന സർക്കാർ ഇതുവരെ നടപ്പിലാക്കിയില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ തിരുവനന്തപുരത്ത് പറഞ്ഞു. ഭക്തരെ ബുദ്ധിമുട്ടിക്കുന്ന തീരുമാനങ്ങളിൽ നിന്ന് സർക്കാർ പിന്മാറിയില്ലെങ്കിൽ ബിജെപി ഭക്തർക്കൊപ്പം നിൽക്കുമെന്നും കെ സുരേന്ദ്രൻ പറഞ്ഞു.

***********************************

## നാലുവർഷ ബിരുദം - ആർ ബിന്ദു

നാലുവർഷ ബിരുദ കോഴ്സിനെപ്പറ്റി ഒരാശങ്കയും ആർക്കും വേണ്ടെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു നിയമസഭയിൽ വ്യക്തമാക്കി. ആബിദ് ഹുസൈൻ തങ്ങളുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു മന്ത്രി. കേരളത്തിലെ സർവ്വകലാശാലകളുടെയും കലാലയങ്ങളുടെയും നേട്ടങ്ങളെ വർദ്ധിപ്പിക്കുന്നതാവും നാലുവർഷ ബിരുദ പദ്ധതിയെന്നും മന്ത്രി പറഞ്ഞു.

***********************************

## മുഖ്യമന്ത്രി - സി.ജെ.എം

നവ കേരള യാത്രക്കിടയിൽ, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസും, പാർട്ടി പ്രവർത്തകരും നടത്തിയ അക്രമത്തെ രക്ഷാപ്രവർത്തനം എന്ന് വിശേഷിപ്പിച്ച മുഖ്യമന്ത്രി പിണറായി വിജയൻറെ പരാമർശത്തെ കുറിച്ച് അന്വേഷിക്കാൻ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടു. എറണാകുളം ഡിസിസി പ്രസിഡൻറ് മുഹമ്മദ് ഷിയാസ് നൽകിയ പരാതിയിലാണ് കോടതി നടപടി. കൊച്ചി സിറ്റി സെൻട്രൽ പോലീസിനോടാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോടതി നിർദ്ദേശിച്ചത്.

RNU TVPM

***********************************

## അടൂർ ജനറൽ ആശുപത്രി - വീണാ ജോർജ്

പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിൽ സർജറിയ്ക്ക് ഡോക്ടർ കൈക്കൂലി ആവശ്യപ്പെട്ടെന്ന ആരോപണത്തിൽ അന്വേഷണം നടത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജ് വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

************************************

## ഓണം ബമ്പർ

സംസ്ഥാന ലോട്ടറി വകുപ്പിന്റെ തിരുവോണം ബമ്പർ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം TG 434222 എന്ന നമ്പർ ടിക്കറ്റിന്. ബമ്പർ അടിച്ചത് വയനാട് പനമരത്തെ എസ്.കെ. ലോട്ടറി ഏജൻസിയുടെ ബത്തേരി ബ്രാഞ്ചിൽ വിറ്റ ടിക്കറ്റിന്. രണ്ടാം സമ്മാനമായ ഒരു കോടി രൂപയുടെ പത്ത് സമ്മാനങ്ങളിൽ ഒന്നും വയനാട്ടിലാണ്. തിരുവനന്തപുരം ഗോർക്കി ഭവനിൽ ധനമന്ത്രി കെ.എൻ. ബാലഗോപാലാണ് നറുക്കെടുത്തത്. പൂജാ ബമ്പർ ടിക്കറ്റും ചടങ്ങിൽ പുറത്തിറക്കി.

************************************

RNU TVPM

## ഗണേഷ് കുമാർ - ഇൻട്രോ

കാറുകളിൽ കുട്ടികൾക്ക് പ്രത്യേക സീറ്റ് ഉടൻ നടപ്പാക്കില്ലെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ. നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടില്ലെന്നും ജനങ്ങൾക്കിടയിൽ ബോധവത്കരണം ഉണ്ടാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ഗതാഗത നിയമത്തിൽ പറയുന്ന കാര്യങ്ങൾ ജനങ്ങളുടെ അറിവിലേക്കായി ഗതാഗത കമ്മീഷണർ പറഞ്ഞതാണെന്നും ഇത് നിർബന്ധിതമായി നടപ്പാക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

************************************

## ടി പി മാധവൻ അന്തരിച്ചു

മലയാള ചലച്ചിത്ര നടൻ ടി പി മാധവൻ അന്തരിച്ചു. 88 വയസായിരുന്നു. കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു അന്ത്യം. കഴിഞ്ഞ എട്ട് വർഷമായി പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയാണ് ടി പി മാധവൻ. അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. നാളെ വൈകുന്നേരം തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കരിക്കും. നിര്യാണത്തിൽ മന്ത്രി വി ശിവൻകുട്ടി അനുശോചിച്ചു.

************************************

## തിരുവമ്പാടി ബസ് അപകടം

കോഴിക്കോട് തിരുവമ്പാടി ബസപകടത്തിൽ മരിച്ച രണ്ട് പേരുടെ കുടുംബങ്ങൾക്ക് KSRTC 10 ലക്ഷം രൂപ വീതം നൽകുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ, ലിൻഡോ ജോസഫ് എംഎൽഎ-യെ അറിയിച്ചു. പാസഞ്ചേഴ്സ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുക. അപകടത്തിൽ പരിക്കേറ്റവരുടെ ആശുപത്രി ചെലവ് KSRTC വഹിക്കും.

RNUTVPM

************************************

## വനിതാ ട്വൻറി-20

ഐസിസി വനിതാ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ശ്രീലങ്ക മത്സരം അല്പസമയത്തിനകം. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കക്കെതിരെ സ്കോട് ലാൻഡിന് 167 റൺ വിജയലക്ഷ്യം.

************************************

## ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ്

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ട്വന്റി-20 മത്സരം അല്പസമയത്തിനകം ന്യൂഡൽഹി അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ ആരംഭിക്കും. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ 7 വിക്കറ്റിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയിരുന്നു.

***********************************

## മുഖ്യമന്ത്രി

എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ നാല് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സർവകലാശാലയുടെ പഠനവകുപ്പുകൾ, ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം, സെക്ഷൻ 8 കമ്പനി രൂപീകരണം, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സെന്റർ എന്നിവയാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. മന്ത്രിമാരായ ആർ ബിന്ദു, പി രാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

RNUTVPM

***********************************

## പരീക്ഷകൾ മാറ്റി

കേരള സർവകലാശാല നാളെ മുതൽ ഈ മാസം 18 വരെ നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി വെച്ചു. തിയറി പരീക്ഷകളും പ്രാക്ടിക്കൽ പരീക്ഷകളും മാറ്റിവെച്ചിട്ടുണ്ട്. പുനഃ ക്രമീകരിച്ച തീയതി പിന്നീട് അറിയിക്കും.

***********************************

മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

************************************

## ബിഎസ്എൻഎൽ

BSNL ന്റെ 24-◌ാ◌ം സ്ഥാപകദിനത്തിൻ◌്റെ ഭാഗമായി ലക്ഷദ്വീപിൽ വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി ദ്വീപിൽ സ്കൂൾ വിദ്യാത്ഥികൾക്കായി സംഘടിപ്പിച്ച പെയ്ൻറിംഗ് മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടികളുടെ ഭാഗമായി സ്കൂബാ ഡൈവിംഗ്, ബീച്ച് ഫുട്ബോൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

RNUTVPM

******************************************************

************************************

**********************